പതിമൂന്നാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 6992 — 11.7.2014 ലെ മറുപടിക്ക്

അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കുന്നതിന് മാനേജർമാർ അണ്ടർ ടേക്കിംഗ് നൽകണമെന്ന വ്യവസ്ഥ

| ചോദ്യം<br>ശ്രീ.വി.എം.ഉമ്മർമാസ്റ്റർ | ഉത്തരം<br>ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
|---|---|
| (എ) 2006 മുതൽ എയ്ഡഡ് സ്കൂളുകളിൽ അധിക തസ്തികയിൽ നിയമിച്ച അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കുന്നതിന് മാനേജർമാർ അണ്ടർടേക്കിംഗ് നൽകണമെന്ന വ്യവസ്ഥ ഉണ്ടായിരുന്നോ; എങ്കിൽ ഈ വ്യവസ്ഥ പാലിച്ച സ്കൂളുകളിലെ അദ്ധ്യാപകർക്ക് പ്രസ്തുത കാലയളവിലെ ശമ്പളം നൽകിയിട്ടുണ്ടോ ; | (എ) 12.1.2010 ലെ സ.ഉ.(പി) നം.10/10/പൊവിവ പ്രകാരം അണ്ടർടേക്കിംഗ് നൽകണമെന്ന വ്യവസ്ഥ ഉണ്ടായിരുന്നു. പ്രസ്തുത വ്യവസ്ഥകൾ പാലിച്ച സ്കൂളുകളിലെ അദ്ധ്യാപകർക്ക് ശമ്പളം നൽകിയിട്ടുണ്ട്. |
| (ബി) അണ്ടർടേക്കിംഗ് നൽകാത്ത സ്കൂളുകളിലെ അദ്ധ്യാപകർക്ക് ശമ്പള ആനുകൂല്യം നിഷേധിച്ചിട്ടുണ്ടോ ; | (ബി) ഉണ്ട്. എന്നാൽ പ്രസ്തുത അദ്ധ്യാപകരെ പാക്കേജിൽ ഉൾപ്പെടുത്തി 1.6.2011മുതൽ ശമ്പളം നൽകിയിട്ടുണ്ട്. |
| (സി) എഗ്രിമെന്റ് വ്യവസ്ഥ പ്രകാരം ഏതെങ്കിലും മാനേജ്മെന്റ് പ്രസ്തുത വ്യവസ്ഥക്കു വിധേയമായി നിയമനം നടത്താൻ തയ്യാറായിട്ടുണ്ടോ ;<br><br>(ഡി) ഇല്ലെങ്കിൽ അത്തരം സ്കൂളുകളിലെ അദ്ധ്യാപകർക്ക് നൽകിയ ശമ്പളം തിരിച്ച് പിടിച്ചിട്ടുണ്ടോ ; | (സി) യും (ഡി) യും എഗ്രിമെന്റ് വ്യവസ്ഥപ്രകാരം മാനേജർമാർ പ്രസ്തുത വ്യവസ്ഥയ്ക്ക് വിധേയമായി നിയമനം നടത്തിയിട്ടുണ്ട്. എഗ്രിമെന്റ് വച്ചിട്ട് അത് പാലിക്കാത്ത സ്കൂളുകളിൽ എഗ്രിമെന്റ് പ്രകാരം പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ നിയമിക്കേണ്ടിയിരുന്ന തസ്തികകളിൽ നിയമിക്കപ്പെട്ട അദ്ധ്യാപകർക്ക് നിയമനാംഗീകാരവും ശമ്പളവും നൽകിയിട്ടില്ല. |
| (ഇ) എഗ്രിമെന്റ് വെച്ചെങ്കിലും അത് പാലിക്കാത്ത സ്കൂളുകളിലെ അദ്ധ്യാപകർക്ക് ശമ്പള ആനുകൂല്യം ലഭിച്ച സാഹചര്യത്തിൽ അദ്ധ്യാപകരുടെ കുറ്റം —കൊണ്ടല്ലാതെ എഗ്രിമെന്റ് വെക്കാതിരുന്ന സ്കൂളുകളിലെ അദ്ധ്യാപകർക്ക് ശമ്പളം നൽകാതിരിക്കുന്നത് വിവേചനപരമായതിനാൽ അവർക്ക് കൂടി ശമ്പള കുടിശ്ശിക നൽകാൻ നടപടി സ്വീകരിക്കുമോ ? | (ഇ) എഗ്രിമെന്റ് വെക്കാതിരുന്ന സ്കൂളുകളിലെ അദ്ധ്യാപകർക്ക് സ.ഉ.10/10/പൊവിവ നമ്പർ ഉത്തരവുപ്രകാരം ശമ്പളം നൽകാൻ കഴിയില്ല. പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ ബഹു.ഹൈക്കോടതിയും ശരിവച്ചിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത അദ്ധ്യാപകരെ പാക്കേജിൽ ഉൾപ്പെടുത്തി 1.6.2011മുതൽ ശമ്പളം നൽകിയിട്ടുണ്ട് |

സെക്ഷൻഓഫീസർ